**പതിനാലാം കേരള നിയമ സഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5016 — 22.05.2017 ൽ മറുപടിക്ക്

**ഇന്റർനാഷണൽ ലീഡേഴ്സ് ഇൻ എഡ്യുക്കേഷണൽ പ്രോഗ്രാമിൽ പങ്കെടുത്തതിന് ഡ്യൂട്ടി ലീവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) യുണൈറ്റഡ് സ്റ്റേറ്റ് ഇന്ത്യ-എഡ്യൂക്കേഷൻ ഫൗണ്ടേഷനും അമേരിക്കൻ ഗവൺമെന്റും സംയുക്തമായി നടത്തുന്ന ഐ.എൽ.ഇ.പി (ഇന്റർനാഷണൽ ലീഡേഴ്സ് ഇൻ എഡ്യുക്കേഷണൽ പ്രോഗ്രാം)-ൽ പങ്കെടുക്കുന്നതിനുള്ള ഫുൾബ്രൈറ്റ് ഫെലോഷിപ്പിന് 2014-ൽ കേരളത്തിൽ നിന്നും 4 അധ്യാപകർ അർഹത നേടിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിൽ ശ്രീമതി. ബോബി ജോസ്, ജി.എച്ച്.എസ്.എസ് ഇരിങ്ങാലക്കുടയുടെ ലീവ് മാത്രമാണ് ജി. ഒ. (ആർറ്റി) നം. 3460/14, തീയതി 28.08.2014 പ്രകാരം പൊതു വിദ്യാഭ്യാസ (യു) സെക്ഷനിൽ നിന്നും ഡ്യൂട്ടി ലീവ് ആയി പരിഗണിച്ചിട്ടുള്ളൂ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇത് സംബന്ധിച്ച, ഫുൾബ്രൈറ്റ് ഫെലോഷിപ്പിന് അർഹത നേടിയ ശ്രീമതി. എം. ദേവി, എച്ച്.എസ്.എ, സെന്റ് ജോൺസ് എച്ച്.എസ്.എസ്, കവളങ്ങാട് തന്റെ ലീവ് ഡ്യൂട്ടി ലീവ് ആയി പരിഗണിക്കുന്നതിനുവേണ്ടി നല്കിയ അപേക്ഷ | (സി) ഉണ്ട്. ടി ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | | |
| (ഡി) | ശ്രീമതി.[illegible]ദേവി തന്റെ ലീവ് ഡ്യൂട്ടി ലീവായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ അപേക്ഷ 905232 എന്ന ഫയൽ നമ്പരിൽ പൊതു വിദ്യാഭ്യാസ (എ) സെക്ഷനിൽ എന്നാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | 04.10.2016 |
| (ഇ) | നാളിതുവരെ എന്ത് നടപടിയാണ് ഈ ഫയലിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | ധനവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ ധനവകുപ്പിലേയ്ക്ക് അയയ്ക്കുകയും 28.08.2014-ലെ സ.ഉ. (സാധാ) നം. 3460/2014/പൊ.വി.വ ഉത്തരവിന്റെ തീർപ്പ് ഫയൽ സഹിതം ലഭ്യമാക്കാൻ ധനവകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം പൊതു വിദ്യാഭ്യാസ (യു) വകുപ്പിൽ നിന്നും ടി തീർപ്പ് ഫയൽ ലഭ്യമാക്കി ആയത് സഹിതം ഫയൽ ധനവകുപ്പിലേയ്ക്ക് തുടർനടപടികൾക്കായി അയച്ചിട്ടുണ്ട് |
| (എഫ്) | ഇവരുടെ ലീവ് ഡ്യൂട്ടി ലീവായി പരിഗണിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എഫ്) | തടസ്സമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | പ്രസ്തുത ഫയൽ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ജി) | വേഗത്തിൽ തീർപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ